<u>പതിമൂന്നാം കേരള നിയമസഭ</u>
<u>14-ാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 2055** **07/07/2015-ൽ മറുപടിയ്ക്ക്**

**<u>പത്തനംതിട്ട ജില്ലയിലെ മൊബൈൽഫോൺ ടവറുകൾ</u>**

| **ചോദ്യം** | | | **മറുപടി** |
|---|---|---|---|
| **ശ്രീ. ചിറയം ഗോപകുമാർ** | | | **ശ്രീ. ആര്യാടൻ മുഹമ്മദ്**<br>**ഊർജ്ജ വകുപ്പ് മന്ത്രി.** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൊബൈൽ ഫോൺ ടവറുകളുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിൽ നിന്നും എത്ര പരാതികൾ ലഭ്യമായിട്ടുണ്ടെന്ന റിയിക്കുമോ; | (എ) & (ബി) | പത്തനംതിട്ട ജില്ലാ കളക്ടർക്ക് 22 പരാതികളും പൊല്യൂഷൻ കൺട്രോൾ ബോർഡിൽ ഒരു പരാതിയും ലഭിച്ചിരുന്നു. മൊബൈൽ ടവർ സംബന്ധിച്ച പരാതികൾ പരിശോധിച്ച് നടപടി എടുക്കുന്നത് അതാത് ജില്ലയിലെ ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാ ടെലികോം കമ്മറ്റിയാണ്. ലഭിച്ച പരാതികളിൽ 6 (ആറ്) എണ്ണം ഒഴികെയുള്ളവ തീർപ്പാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരാതികളിൽ തീർപ്പാകാതെ അവശേഷിക്കുന്നവ എത്രയെന്നറിയിക്കുമോ ; | | |
| (സി) | പ്രസ്തുത പരാതികൾ തീർപ്പാക്കുന്നതി ലുണ്ടായിട്ടുള്ള കാലവിളംബത്തിന്റെ കാരണം വിശദമാക്കുമോ ; | (സി) | ആനിക്കാട് ഗ്രാമപഞ്ചായത്തിലെ അസൻഡ് ടെലകോം ലിമിറ്റഡിന്റെ ടവർ നിർമ്മാണത്തിനെതിരെ ഓംബുഡ്സ് മാന് പരാതി നിലനിൽക്കുന്നതിനാൽ കോന്നി, ഏനാദിമംഗലം, ഏഴംകുളം ഗ്രാമ പഞ്ചായത്തുകളിൽ നിന്നും അടൂർ മുനിസിപ്പാലിറ്റിയിൽ നിന്നും ഉള്ള റിപ്പോർട്ട് ലഭിക്കാത്തതിനാലും തീരുമാനം എടുക്കാൻ സാധിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത ടവറുകളിൽ നിന്നുണ്ടാകുന്ന റേഡിയേഷന്റെ തോത് കാലാകാലങ്ങളിൽ പരിശോധിച്ച് ബോധ്യപ്പെടുന്നതിന് നിലവിലുള്ള സർക്കാർ ഔദ്യോഗിക ആധികാരിക ഏജൻസികൾ ഏതെല്ലാ മെന്ന് അറിയിക്കുമോ; | (ഡി) | ഡിപ്പാർട്ട്മെന്റ് ഓഫ് ടെലികമ്മ്യൂണിക്കേഷൻസിന്റെ കീഴിലുള്ള Telecom Enforcement Resources & Monitoring (TERM) സെല്ലിനാണ് മൊബൈൽ ടവറുകളിൽ നിന്നുള്ള റേഡിയേഷന്റെ തോത് പരിശോധിക്കുന്നതിനുള്ള അധികാരം. |
| (ഇ) | ഇത്തരത്തിൽ മൊബൈൽ ടവറുകൾക്ക് വാർഷികാടിസ്ഥാനത്തിൽ റേഡിയേഷൻ പരിശോധന നടത്തിവരുന്നുണ്ടെന്ന് നിരീക്ഷിച്ചിട്ടുണ്ടോ; | (ഇ) | കേന്ദ്ര ടെലികോം വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം ഓരോ വർഷവും ആകെയുള്ള ബേസ് ട്രാൻസീവർ സ്റ്റേഷനുകളുടെ (BTS) 10 % TERM കേരള ആഡിറ്റ്/ടെസ്റ്റ് ചെയ്യുന്നുണ്ട്. |
| (എഫ്) | ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുന്ന തിനാവശ്യമായ നടപടി സ്വീകരിയ്ക്കുമോ ? | (എഫ്) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ